**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6288** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് മിഷൻ ആരംഭിക്കുന്നതിന് മുൻപ് പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്തതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ എത്ര വീടുകൾ ഉണ്ട്; ഇതിന്റെ പൂർത്തീകരണത്തിനായി മുൻവർഷം വകുപ്പിന് എത്ര തുക നീക്കിവച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി; അവശേഷിക്കുന്നവ എത്ര; വിശദാംശം നല്കാമോ ? | (എ) | ലൈഫ് മിഷൻ ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിലും, ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും 7857 വീടുകൾ നിർമ്മാണത്തിനായി ഏറ്റെടുത്തതിൽ 3960 വീടുകൾ പൂർത്തീകരിക്കുകയും 3897 വീടുകൾ പൂർത്തിയാക്കാൻ ശേഷിക്കുകയും ചെയ്യുന്നു. പൂർത്തിയാക്കാൻ ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>പ്രസ്തുത വീടുകളുടെ പൂർത്തീകരണത്തിനു മാത്രമായി വകുപ്പ് പ്രത്യേകം തുക മുൻവർഷം നീക്കിവെച്ചിട്ടില്ല. എന്നാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വകുപ്പിന്റെ ഭവന പുനരുദ്ധാണവും നടപ്പിലാക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം 5720 ലക്ഷം രൂപ വകയിരുത്തിയതിൽ 5129.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ലൈഫ് മിഷൻ ആരംഭിക്കുന്നതിന് മുമ്പ് വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും ഏറ്റെടുത്ത വീടുകളിൽ മുൻ സാമ്പത്തിക വർഷം 150 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ